"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 - കോഴിക്കോട് ജില്ല - കൊയിലാണ്ടി നഗരസഭയിലെ "ഗാന്ധി പ്രതിമ സ്വാമിയാർ കാവ് റോഡ്" എന്ന പ്രവൃത്തിയുടെ പേര് "കൊല്ലം ചിറ റോഡ്" എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.44/2026/LSGD തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-

1. 29.11.2024 ൽ LSGD-DB2/392/2024-LSGD-Part(1) നമ്പർ സർക്കുലർ.
2. 20.01.2025 ലെ സ.ഉ.(കൈ)നം.14/2025/LSGD.
3. 19.05.2025 ലെ സ.ഉ.(കൈ)നം.80/2025/LSGD.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.09.2025 ലെ LSGD/PD/28159/2025-REV5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി 2024-25 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപ വിനിയോഗിച്ച് 3540 റോഡുകളുടെ പുനരുദ്ധാരണത്തിന് പരാമർശം (2) പ്രകാരം "തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ" ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം (3) പ്രകാരം പദ്ധതിയുടെ പേര് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (2) പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കോഴിക്കോട് ജില്ല കൊയിലാണ്ടി നഗരസഭയിലെ "ഗാന്ധി പ്രതിമ സ്വാമിയാർ കാവ് റോഡ്" എന്ന പ്രവൃത്തിയുടെ ആസ്തി രജിസ്റ്ററിൻ പ്രകാരമുള്ള പേര് "കൊല്ലം ചിറ റോഡ്" എന്നായതിനാൽ അപ്രകാരം തിരുത്തൽ വരുത്തി

ലഭിക്കുന്നതിന് കൊയിലാണ്ടി നഗരസഭ സെക്രട്ടറി കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തരം ലഭ്യമാക്കിയ അപേക്ഷയിൽ തുടർനടപടിക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കോഴിക്കോട് ജില്ല കൊയിലാണ്ടി നഗരസഭയിലെ "ഗാന്ധി പ്രതിമ സ്വാമിയാർ കാവ് റോഡ്" എന്ന പ്രവൃത്തിയുടെ പേര് "കൊല്ലം ചിറ റോഡ്"എന്ന് തിരുത്തൽ വരുത്തി പരാമർശം (2) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

5. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്</u>

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ധനകാര്യ വകുപ്പ്
ട്രഷറി ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 04-02-2026 15:13:08